**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **08-06-2021 - ൽ മറുപടിയ്ക്ക്**

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടും കരാറുകാരുടെ ബിൽതുക മാസങ്ങളായി കുടിശ്ശികയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | ചീഫ് ഇൻജിനീയർമാരുടെ ഓഫീസിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ ന്യൂനതകളുള്ള ബില്ലുകൾ പാസാക്കുന്നതിന് മാത്രമാണ് അധികസമയം വേണ്ടിവരുന്നത്. ഇതല്ലാതെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ലഭ്യമാകുന്ന ബില്ലുകൾ മാറിനല്കുന്നതിന് കാലതാമസ്സമുണ്ടാകുന്നില്ല. |
| (ബി) | കളക്ടർമാർക്ക് സമർപ്പിച്ചിട്ടുള്ള പുതിയ പല പദ്ധതികളും കുടിശ്ശിക തുക ലഭിക്കാത്തത് മൂലം കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നിരുന്നാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് MCC നിലവിലുണ്ടായിരുന്ന 26/02/2021 മുതൽ 02/05/2021 വരെ ആസ്തി വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പാർട്ട് ബിൽ പേയ്മെന്റുകൾ പൂർണ്ണമായി നിർത്തി വച്ചിരുന്നു. പ്രസ്തുത പേയ്മെന്റുകൾ അടിയന്തിരമായി അനുവദിച്ച് നൽകിവരുന്നു. ഇതൊഴികെ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് സമർപ്പിയ്ക്കപ്പെടുന്ന കരാറുകാരുടെ ബില്ലുകൾ ഒന്നുംതന്നെ മാറി നൽകാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആസ്തിവികസന ഫണ്ടിൽനിന്നുള്ള പ്രവൃത്തികളുടെ ബില്ലുകൾ മാറിനല്കുന്നതിനായി തുക വകയിരുത്തുന്നതിന് അതാതു ഡിമാന്റുകൾക്കു കീഴിൽ മൂലധന ശീർഷകങ്ങൾ തുറന്നിട്ടുണ്ട്. ഈ ശീർഷകങ്ങളുടെ നിയന്ത്രണാധികാരികൾ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള വിവിധ വിഭാഗങ്ങളിലെയോ, തദ്ദേശസ്വയംഭരണ വകുപ്പിലേയോ ചീഫ് ഇൻജിനീയർമാരാണ്. ഈ ശീർഷകങ്ങൾക്കു കീഴിൽ എല്ലാ സാമ്പത്തികവർഷങ്ങളിലും ആവശ്യമായ തുക വകയിരുത്തിവരുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലുകൾ പാസ്സായി വരുന്ന മുറയ്ക്ക് അതാത് ശീർഷകങ്ങൾക്കു കീഴിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് |

| | | | |
|---|---|---|---|
| | | | വിഹിതത്തിൽനിന്നും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമമാണ് അനുവർത്തിച്ചു വരുന്നത്. വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിനനുസരിച്ച് ആവശ്യാനുസരണം അധിക തുക അനുവദിച്ചുവരുന്നുമുണ്ട്. ഇതിനുപുറമേ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ബിൽ തുക നേരിട്ട് അനുവദിയ്ക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിന്റെ കീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ